പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2630 — 19.12.2012ൽ മറുപടിയ്ക്ക്

## മുദിശാസ്താംകോട് പാലം നിർമ്മാണം

| | |
|---|---|
| ചോദ്യം : ശ്രീ. പാലോട് രവി | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം ഗ്രാമപഞ്ചായത്തിലെ കിള്ളിയാറിന് കുറുകെ മുദിശാസ്താംകോട് പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്ര രൂപയാണ് ; എന്നാണ് ടെണ്ടർ ചെയ്തത് ; പ്രവൃത്തി എന്ന് ആരംഭിച്ചു ; | (എ) എസ്റ്റിമേറ്റ് തുക 69.64 ലക്ഷം രൂപയാണ്. ടെണ്ടർ വിളിച്ച് പ്രതികരണമില്ലാത്തതിനാൽ ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് 10.02.2011-ൽ ക്വട്ടേഷൻ പ്രവൃത്തി ഏറ്റെടുത്തു. 9.3.2011-ൽ പ്രവൃത്തി ആരംഭിച്ചു. |
| (ബി) പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് ; | (ബി) പ്രവൃത്തി 8.03.2012-ലാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നത്. |
| (സി) നിശ്ചിത സമയത്ത് പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) നിശ്ചിത സമയത്ത് പാലത്തിന്റെ നിർമ്മാണം പൂർത്തിയായില്ല. പൊതുജനങ്ങളുടെ ആവശ്യപ്രകാരം നിലവിലുണ്ടായിരുന്ന പഴയ നടപ്പാലം പൊളിച്ച് മാറ്റി സ്ഥാപിച്ച് സഞ്ചാര സ്വാതന്ത്ര്യം ഉണ്ടാക്കുന്നതു മൂലവും മഴക്കാലം മൂലവും പുതിയ പണി തടസ്സപ്പെട്ടു. ആയതിനാൽ ഉദ്ദേശിച്ച സമയത്ത് പണി തീർക്കാൻ സാധിച്ചില്ല. |
| (ഡി) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കുവാൻ സാധിക്കും ; വ്യക്തമാക്കുമോ ? | (ഡി) മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് 31.01.2013 വരെ പണിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ തന്നെ പണി പൂർത്തിയാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ